വയനാട്	5,580
കണ്ണൂർ	16,260
കാസർഗോഡ്	6,660
ആകെ	2,48,280

(ഇ&എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി

77 (674) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 അദ്ധ്യയന വർഷം അവസാനിച്ചപ്പോഴും പല ക്ലാസ്സുകളിലെയും പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്നത് ശരിയാണോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിച്ചു കഴിഞ്ഞോ ;

(ഡി) എങ്കിൽ അവ എന്നത്തേക്ക് സ്കൂളുകളിൽ വിതരണത്തിന് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മുൻ വർഷത്തിൽനിന്നും വ്യത്യസ്തമായി ഈ വർഷം ആദ്യ ടേമിൽ തന്നെ എല്ലാ ക്ലാസ്സുകളിലും പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2002-2003 വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയിൽ അവിചാരിതമായ കാരണങ്ങൾ കൊണ്ട് കാലതാമസം സംഭവിച്ചിട്ടുണ്ട്. അച്ചടിക്കാവശ്യമായ കടലാസ്സിന്റെ ദൗർലഭ്യം, സർക്കാർ ജീവനക്കാരുടെ സമരം, പ്രസ്സുകളിലെ തൊഴിൽ പ്രശ്നം എന്നിവ അവയിൽ ചിലതു മാത്രമാണ്. അച്ചടിച്ച പുസ്തകങ്ങളുടെ വിതരണം സംബന്ധിച്ചും ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. നേരത്തെ വില കൊടുത്ത് പുസ്തകം വാങ്ങിയ പലരും സൗജന്യമായി എസ്. എസ്. എ. പദ്ധതി അനുസരിച്ച് പുസ്തക വിതരണം നടത്തിയപ്പോൾ വീണ്ടും ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ചില സ്ഥലങ്ങളിൽ പുസ്തക വിതരണത്തിൽ തടസ്സം ഉണ്ടായിട്ടുണ്ട്. ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ അപ്പപ്പോൾ തന്നെ സ്വീകരിക്കുകയും പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. 80% ത്തോളം അച്ചടി പൂർത്തിയാക്കി വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആദ്യ ടേമിൽത്തന്നെ വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

78 (675) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്തുവോ ;

(ബി) ഏതൊക്കെ ക്ലാസുകളിലെ ഏതൊക്കെ കുട്ടികൾക്കാണ് സൗജന്യമായി പാഠപുസ്തകം നൽകുന്നത് ;

(സി) ഇതുവരെ ഏതൊക്കെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) ഇവ എന്നത്തേക്ക് വിതരണം ചെയ്തു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പാഠപുസ്തക വിതരണം ആരംഭിച്ചു കഴിഞ്ഞു. പൂർത്തിയായിട്ടില്ല.

(ബി) സർക്കാർ ഉത്തരവ് (സാ)നമ്പർ 1963/03/പൊ.വി. തീയതി 29-5-2003 പ്രകാരം ഒന്നാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. കൂടാതെ 2 മുതൽ 8 വരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ ആൺകുട്ടികൾക്കും എസ്. എസ്. എ. പദ്ധതി പ്രകാരം സൗജന്യമായി പാഠപുസ്കം നൽകി വരുന്നു.

(സി) എല്ലാ ക്ലാസുകളിലേയും മിക്കവാറും എല്ലാ പുസ്തകങ്ങളുടേയും അച്ചടി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒന്ന്, രണ്ട്, മൂന്ന്, എട്ട്, ഒൻപത് എന്നീ ക്ലാസുകളിലെ ചില പുസ്തകങ്ങളുടെ ചെറിയൊരു ഭാഗത്തിന്റെ അച്ചടി പൂർത്തിയാക്കാനുണ്ട്. അത് പുരോഗമിച്ചു വരുന്നു.

(ഡി) അച്ചടി പൂർത്തിയാക്കി ജില്ലാ ഡിപ്പോകളിലേക്ക് ലഭ്യമാക്കിയിട്ടുള്ള എല്ലാ പാഠപുസ്തകങ്ങളുടേയും വിതരണം ഏപ്രിൽ മാസം തന്നെ ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly